# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1274** **04/02/2019-ൽ മറുപടി നൽകേണ്ടത്**

**<u>നാഷണൽ സർവ്വീസ് യൂണിറ്റുകൾക്കുള്ള പ്രവർത്തന ഫണ്ട്</u>**

| ചോദ്യം<br><br>ശ്രീ. അൻവർ സാദത്ത് | | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിലെ നാഷണൽ സർവ്വീസ് യൂണിറ്റുകൾക്ക് സർക്കാർ പ്രവർത്തന ഫണ്ട് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര യൂണിറ്റുകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾക്ക് സംസ്ഥാന സർക്കാർ പ്രവർത്തന ഫണ്ട് അനുവദിക്കുന്നില്ല. കേന്ദ്ര സർക്കാർ പ്രവർത്തനഫണ്ട് നൽകിവരുന്നു. അത്തരം 525 യൂണിറ്റുകൾ ഉണ്ട്. |
| (ബി) | ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര തുകയാണ് കേന്ദ്രം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്.<br>2016-17-ൽ 2015-16 ലെ<br>ബാക്കി ഗ്രാന്റ് തുക – 3858598/- രൂപ<br>2016-17 ലെ ഗ്രാന്റ് തുക – 19270942/- "<br>ആകെ - 23129540/- "<br>2017-18 ൽ<br>ആകെ ലഭിച്ചത് - 18602500/- " |
| (സി) | നാഷണൽ സർവ്വീസ് യൂണിറ്റുകൾക്ക് സർക്കാർ നൽകേണ്ട തുക കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തെയെന്ന് അറിയിക്കുമോ; | (സി) | 2016-17 മുതൽ 17-18 വരെ ഭാഗികമായും, 2018-19 പൂർണ്ണമായും കുടിശ്ശികയുണ്ട്. |
| (ഡി) | കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേന്ദ്ര സർക്കാരിൽനിന്ന് കുടിശ്ശിക തുക ലഭ്യമായാൽ നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ